ESTD:1976

കാരവൽ

1196 തുലാം 27, 1442 റ.അവ്വൽ 26, 2020 നവംബർ 12 വ്യാഴം

ദേശീയ തൊഴിലുറപ്പ് പദ്ധതി നേർ വഴിയിലേക്ക്

ദേശീയതൊഴിലുറപ്പു പദ്ധതിയെ ദേശീയ വീക്ഷണത്തോടും ദീർഘകാലകാഴ്ച്ചപ്പാടോടും കൂടി ഫലപ്രദമായി പുനരാവിഷ്ക്കരിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി ആരംഭിക്കുന്നു. പദ്ധതി ആരംഭിച്ചതോടൊപ്പം തന്നെ അതിന്റെ അന്തഃസത്ത ചോർത്തിക്കളഞ്ഞുകൊണ്ടാണ് സംസ്ഥാനത്തു പലഭാഗത്തും പ്രാവർത്തികമാക്കാൻ ശ്രമിച്ചിരുന്നത്. അതോടെ ഭാവനാപൂർണ്ണമായ ഈ പദ്ധതി ആവിഷ്ക്കരിച്ച കേന്ദ്രസർക്കാരും അതുകൊണ്ടു പ്രയോജനം ലഭിക്കേണ്ട നാടും നാട്ടിലെ കാർഷിക മേഖലയും അടിസ്ഥാന മേഖലകളും ലക്ഷ്യത്തിൽ നിന്ന് അകന്നു പൊയ്ക്കൊണ്ടിരുന്നുവെന്നതു നാട്ടുകാർ അറിയുന്നുണ്ട്. ഇതിനെക്കാൾ ആപൽക്കരമായ മറ്റൊരു വിപരീതഫലവും ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ മറവിൽ നാട്ടുനടപ്പായിരുന്നു. തൊഴിൽ ചെയ്യാതെ എങ്ങനെ പ്രതിഫലം വാങ്ങാമെന്ന വിനാശകരമായ കാഴ്ച്ചപ്പാടിന് ഈ മഹത്തായ പദ്ധതിയെ രംഗവേദിയാക്കുകയായിരുന്നു.

ജോലി ചെയ്യാതെ കൂലി വാങ്ങുക എന്നതു തൊഴിലാളിയെ സംബന്ധിച്ച് സുഖമുള്ള കാര്യം തന്നെയാണ്. എന്നാൽ രാജ്യ പുരോഗതിക്കും അതിന്റെ അടിസ്ഥാനഘടകമായ പ്രാദേശിക അഭിവൃദ്ധിക്കും വേണ്ടി സർക്കാർ ദേശവ്യാപകമായി വർഷന്തോറും ചെലവഴിക്കുന്ന കോടാനുകോടി രൂപ പാഴായിപ്പോകുന്നുവെന്നതു വലിയ ദേശീയ ദുരന്തം തന്നെയാണെന്നു തൊഴിലാളികളോ, അവരെ സംഘടിപ്പിച്ചു നിറുത്തിയ തൊഴിലുറപ്പു തൊഴിലാളി സംഘടനകളോ, തൊഴിലുറപ്പു നിർവഹണ വിഭാഗം ജീവനക്കാരോ ഗൗനിച്ചതേയില്ല. ഇതു മൂലം തൊഴിലാളികളിൽ അധ്വാന മനോഭാവം കുറഞ്ഞു എന്നു മാത്രമല്ല, അത് ഇല്ലാതാവുകയും അങ്ങനെ സംഭവിക്കുന്നതിന് ഇതു മായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരെല്ലാം ഇടനിലക്കാരാവുകയും ചെയ്തു. അവരുടെ മനോഭാവവും ദേശീയതൊഴിലുറപ്പ് ഫണ്ട് എങ്ങനെ കീശ ഫണ്ടാക്കാമെന്നായി മാറിയതിന് പല തദ്ദേശ സ്ഥാപനങ്ങളും അതിന്റെ സാരഥികളുമൊക്കെ ആരോപണം നേരിടുകയും ചെയ്യുന്നു.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവും കർമ്മശേഷിയുമുള്ള ആരും തൊഴിലും വരുമാനവും ഇല്ലാതെ വിഷമിക്കരുതെന്ന മഹത്തായ ഉദ്ദേശത്തോടെയാണ് ദേശീയ തൊഴിലുറപ്പു പദ്ധതി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ചത്. ഗ്രാമീണ മേഖലയുടെ മുഖച്ഛായ അതേ പ്രദേശവാസികൾ സഹകരിച്ചു മാറ്റിയെടുക്കുന്ന പദ്ധതിക്കു ജനങ്ങൾ നൽകുന്ന നികുതിപ്പണമാണ് പ്രതിഫലമായി നൽകിയിരുന്നത്. ഒരു തൊഴിലാളി ഒരു ദിവസം എത്ര ജോലി ചെയ്യണമെന്നും അതിന് എത്ര രൂപ കൂലി നൽകുമെന്നും സർക്കാർ വ്യവസ്ഥ ചെയ്തിരുന്നു.

ഇതനുസരിച്ച് ആരംഭിച്ച തൊഴിലുറപ്പു പദ്ധതി കാലക്രമേണ തൊഴിൽ ഇരിപ്പു തൊഴിലും തൊഴിൽ ഉറക്കതൊഴിലും തൊഴിൽ കരിയില ചെത്തൽ തൊഴിലും തൊഴിൽ മണ്ണുമാന്തൽ തൊഴിലുമൊക്കെയായി ശരീരം അനങ്ങാത്ത, ഭൂമിക്കും നാടിനും ഭാവിസമൂഹത്തിനും പ്രയോജനമില്ലാത്ത പദ്ധതിയാക്കി തൊഴിലാളികളും പ്രാദേശിക അധികൃതരും മാറ്റിയെടുക്കുകയായിരുന്നു.

ഈ രീതി ജനങ്ങളെ മടിയൻമാരും തൊഴിലിനോടു താൽപ്പര്യമില്ലാത്തവരുമാക്കി മാറ്റിയെന്ന വലിയ ദേശദ്രോഹ അവസ്ഥയുണ്ടാക്കിയെന്നു ബോധ്യപ്പെട്ടതോടെയാണ് നാടിന് ആസ്തിയാവുന്ന ഗുണകരമാവുന്ന പദ്ധതികളായിരിക്കണം ഇതുവഴി നടപ്പാക്കേണ്ടതെന്ന നിർദ്ദേശം ഉണ്ടായിട്ടുള്ളത്. തൊഴിലെടുക്കാൻ ശേഷിയില്ലാത്ത പ്രായാധിക്യമുള്ളവർക്കൊക്കെ സർക്കാർ വിവിധ പെൻഷനുകൾ നൽകുന്നുണ്ട്. അതിനൊപ്പം അത്തരക്കാർ തൊഴിലുറപ്പു കൂലി കൂടി വാങ്ങാൻ പ്രയാസപ്പെടണമെന്നില്ല എന്ന മുന്നറിയിപ്പും സർക്കാരിന്റെ തീരുമാനത്തിനു പ്രേരണയായിട്ടുണ്ടാവണം. ജോലി ചെയ്യുന്നവർ ഒരു ദിവസം കൊണ്ടു നാടു മുഴുവൻ കിളച്ചു മറിക്കേണ്ട അവർക്കു കഴിയുന്ന ജോലി ചെയ്താൽ മതി. ആ ജോലിയാവട്ടെ കൃത്യമായും ഫലപ്രദമായിരിക്കുകയും വേണം.

തൊഴിലാളി സംഘടന ഉണ്ടാക്കി ദേശീയ തൊഴിലുറപ്പു പദ്ധതി തൊഴിലാളികളെ ഒരു കുടക്കീഴിലാക്കിയ സംഘടന ചെയ്യേണ്ട ദൗത്യമായിരുന്നു ഇത്. അതവർ ചെയ്തില്ലെന്നു മാത്രമല്ല, അത്തരം ഒരു മനഃസ്ഥിതി തൊഴിലാളികളിൽ അവർ ഇല്ലാതാക്കുകയുമായിരുന്നു. ഈ മനോഭാവമാണ് സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ എസ് ആർ ടി സി യെയും മറ്റും ഗ്രസിച്ചിരിക്കുന്നതെന്ന് തൊഴിലാളികളറിയണം. തൊഴിലാളി സംഘടനകളും സർക്കാരും മാത്രമല്ല, ജനങ്ങളും അറിയണം. കൂലി വാങ്ങാൻ അറിയാവുന്നവർക്കു ജോലി ചെയ്യാനും അറിയേണ്ടതല്ലേ?



കുരിശുപള്ളി മാതാവിന്റെ മുന്നിൽ തിരി തെളിയിക്കാനെത്തി 'കുറുവച്ചൻ'

പാലയിലെ കുരിശുപള്ളിയിൽ എത്തി സുരേഷ് ഗോപി. തന്റെ പുതിയ ചിത്രമായ ഒറ്റക്കൊമ്പൻ ആരംഭിക്കുന്നതിന് മുമ്പായാണ് കുരിശുപള്ളിയിൽ എത്തി മെഴുക് തിരി കത്തിച്ച് പ്രാർത്ഥിക്കാൻ സുരേഷ് ഗോപിയെത്തിയത്.

കുമളിയിൽ കാവൽ എന്ന പുതിയ ചിത്രത്തിന്റെ ഷൂട്ടിങ് കഴിഞ്ഞ് തിരുവനന്തപുരത്തേക്കു മടങ്ങുന്ന വഴിയാണ് കഴിഞ്ഞദിവസം സുരേഷ് ഗോപി പാലായിൽ എത്തിയത്. കുരിശുപള്ളിയിൽ നിന്ന് നേരെ കീഴ്തടിയൂർ യൂദാ സ്ലീഹാ പള്ളിയിലും എത്തി പ്രാർഥിച്ചു.

സുരേഷ് ഗോപിയുടെ ഇരുനൂറ്റിയൻപതാമത് ചിത്രം ഒറ്റക്കൊമ്പന്റെ ആദ്യ ഷോട്ട് എടുത്തത് ഈ പള്ളിമുറ്റത്തുവച്ചായിരുന്നു. അടുത്തമാസം ഷൂട്ടിംഗ് ആരംഭിക്കുന്ന ചിത്രം പാലായിലും പരിസര പ്രദേശങ്ങളിലുമായാണ് ചിത്രീകരിക്കുന്നത്.

ഒറ്റക്കൊമ്പൻ സിനിമയുടെ സംവിധായകൻ മാത്യൂസ് തോമസ് , സുരേഷ് ഗോപിയുടെ കുടുംബ സുഹൃത്തും പൊതു പ്രവർത്തകനുമായ ബിജു പുളിക്കകണ്ടം എന്നിവരും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. എസ്.ജി 250 എന്ന പേരിൽ സുരേഷ് ഗോപി കടുവാക്കുന്നേൽ കുറുവച്ചൻ എന്ന നായകനായി ഈ വർഷം മെയിലാണ് ടോമിച്ചൻ മുളകുപാടം സിനിമ പ്രഖ്യാപിച്ചത്.

ഡിസംബറിൽ സിനിമയുടെ ചില ഭാഗങ്ങൾ ചിത്രീകരിച്ചിരുന്നു. സി.ഐ.എ, അണ്ടർ വേൾഡ് എന്നീ സിനിമകളുടെ രചന നിർവഹിച്ച ഷിബിൻ ഫ്രാൻസിസ് ആണ് സുരേഷ് ഗോപിയുടെ 250ാം സിനിമയുടെ തിരക്കഥ.

പുലിമുരുകന് ക്യാമറ ചലിപ്പിച്ച ഷാജികുമാറാണ് ഛായാഗ്രഹണം. ഹർഷവർധൻ രാമേശ്വർ ആണ് സംഗീത സംവിധാനം. അർജുൻ റെഡ്ഡി ഉൾപ്പെടെയുള്ള സിനിമകളുടെ സംഗീത സംവിധായകനാണ് ഹർഷവർധൻ.പ്രൊഡക്ഷൻ കൺട്രോളർ ബാദുഷ,ഡിസൈൻസ് ഗായത്രി അശോക്

വീണ്ടും അങ്ങാടി എത്തുന്നു

നാലു പതിറ്റാണ്ടുകൾക്കു മുമ്പ് കാല യവനികക്കുള്ളിൽ മറഞ്ഞ അനശ്വര നടൻ ജയൻ എന്ന അതുല്യ പ്രതിഭയുടെ അഭിനയപാടവത്തിന്റെ സാക്ഷ്യപത്രവും ഐ. വി. ശശി എന്ന സംവിധായകന്റെ ദൃശ്യ കലാവിസ്മയവുമായ 'അങ്ങാടി ' വീണ്ടുമെത്തുന്നു. ഗൃഹലക്ഷ്മി പ്രൊഡക്ഷൻസിന്റെ ബാനറിൽ പി വി ഗംഗാധരൻ നിർമ്മിച്ച ' അങ്ങാടി ' നവംബർ 16 മുതൽ ' എസ് ക്യൂബ് ഫിലിംസ് ' യൂട്യൂബ് ചാനലിലൂടെ പ്രേക്ഷകർക്ക് മുന്നിൽ എത്തും. റിലീസിന് മുന്നോടിയായി പുറത്തിറക്കിയ ട്രെയിലറിന് വലിയ സ്വീകരണമാണ് ലഭിച്ചത് എന്നത് ശ്രദ്ധേയമാണ്. കാലത്തിന്റെ കരങ്ങൾക്ക് മങ്ങലേല്പിക്കാൻ കഴിയാതെ മലയാളികൾ എന്നെന്നും നെഞ്ചിലേറ്റിയ ഒരു സിനിമയ്ക്ക് ആദ്യമായി മൂവി ട്രെയിലർ അവതരിപ്പിക്കുന്നു എന്ന സവിശേഷതയുമായ് ' അങ്ങാടി' പ്രേക്ഷകരിലേക്ക് എത്തുകയാണ്.

'18+' ചിത്രീകരണം പൂർത്തിയാക്കി; ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു

വി ലൈവ് സിനിമാസിന്റെയും ഡ്രീം ബിഗ് അമിഗോസിന്റെയും ബാനറിൽ എ കെ വിജുബാലിനെ നായകനാക്കി മിഥുൻ ജ്യോതി സംവിധാനം ചെയ്യുന്ന പരീക്ഷണ ചിത്രമാണ് '18+ '. തിരുവനന്തപുരത്ത് ചിത്രീകരണം പൂർത്തിയാക്കിയ 18+ എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ,മെഗാ സ്റ്റാർ മമ്മൂട്ടി തന്റെ ഫേയ്സ് പുസ്തകത്തിലൂടെ റിലീസ് ചെയ്തു.

പൂർണമായും ഒരു നടനെ മാത്രം വച്ച് ചിത്രീകരിക്കുന്ന പരീക്ഷണ ചിത്രമായ '18+' മലയാളത്തിനു പുറമെ തമിഴിലും നിർമ്മിക്കുന്നു.ഒരാൾ മാത്രമുള്ള ചിത്രം എന്നതിന് പുറമെ ചിത്രത്തിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന വരെല്ലാം തന്നെ പ്രായം കുറഞ്ഞവരാണെന്ന പ്രത്യേകതയും ഉണ്ട്.

ഛായാഗ്രഹണം ദേവൻ മോഹൻ, എഡിറ്റിംഗ് അർജുൻ സുരേഷ്, സംഗീതം സഞ്ജയ് പ്രസന്നൻ, ഗാനരചന : ഭാവന സത്യകുമാർ, ആർട്സ്: അരുൺ മോഹൻ,സ്റ്റിൽസ് :രാഗുട്ടി,പരസ്യകല: നിഥിൻ,പ്രൊഡക്ഷൻ കൺസൾട്ടന്റ്: ഹരി വെഞ്ഞാറമൂട്,

നിവിൻ പോളി ചിത്രം 'കനകം കാമിനി കലഹം' ചിത്രീകരണം ആരംഭിച്ചു

ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ മലയാളികൾക്ക് സമ്മാനിച്ച രതീഷ് ബാലകൃഷ്ണ പൊതുവാൾ നിവിൻ പോളിയെ നായകനാക്കിസംവിധാനം ചെയ്യുന്ന 'കനകം കാമിനി കലഹം' സിനിമയുടെ ചിത്രീകരണം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊച്ചിയിൽ ആരംഭിച്ചു.

മാസങ്ങൾ നീണ്ട കാത്തിരിപ്പിന് ശേഷം വീണ്ടും ചിത്രീകരണത്തിന് തുടക്കം കുറിച്ചതിൽ ആഹ്ലാദവും ആശീർവാദവും നിവിൻ പോളി ഫെയ്സ് ബുക്കിലൂടെ പങ്കുവെച്ചു. പ്രമുഖ താരങ്ങളുടെയടക്കം ചിത്രീകരണം തുടരുന്ന നിരവധി ചിത്രങ്ങളോടൊപ്പം നിവിൻ പോളി ചിത്രം കൂടി ആരംഭിച്ചതോടെ, മലയാള ചലച്ചിത്ര ലോകത്തിന് കൂടുതൽ ആവേശമാവുകയാണ്.

നിവിൻ പോളി, ഗ്രേസ് ആന്റണി എന്നിവരെ കൂടാതെ വിനയ് ഫോർട്ട്, ജോയ് മാത്യു, ജാഫർ ഇടുക്കി, വിൻസി അലോഷ്യസ്,സുധീഷ്, രാജേഷ് മാധവൻ എന്നിവരും പ്രധാന വേഷത്തിൽ എത്തുന്നു.

രതീഷ് ബാലകൃഷ്ണൻ പൊതുവാൾ തിരക്കഥയും സംവിധാനവും നിർവ്വഹിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം വിനോദ് ഇല്ലമ്പിള്ളിയും അനീസ് നാടോടി കലാസംവിധാനവും വസ്ത്രാലങ്കാരം കൾട്ട് റവല്യൂഷനും ഷാബു പുൽപ്പള്ളി മേയ്ക്കപ്പും മനോജ് കാനോത്ത് ചിത്ര സംയോജനവും സംഗീതം യാക്സൻ ഗ്യാരി പെരേര നേഹ നായർ ടീമും നിർമ്മാണ നിർവ്വഹണം പ്രവീൺ ബി മേനോനും നിർവ്വഹിക്കുന്നു.

ബി ജെ പിയുടെ കുതിപ്പും, കോൺഗ്രസ്സിന്റെ കിതപ്പും

ക്ലൈമാക്സ് എന്തു തന്നെയായാലും ബീഹാറിലെ രാഷ്ട്രീയക്കളത്തിൽ പോരാടിയവരുടെ മാറ്റ് വ്യക്തമാക്കുന്നതാണ് അവിടുത്തെ തിരഞ്ഞെടുപ്പ് ഫലം എന്നതിൽ തർക്കമില്ല. രണ്ട് തുല്യ ശക്തികൾ തമ്മിലുള്ള പോരാട്ടത്തിനൊടുവിൽ, ഒരു പകലും രാത്രിയും നിറഞ്ഞ നാടകീയതക്കൊടുവിലാണ് ബീഹാറിന്റെ ഭരണ സാരഥ്യത്തിൽ വീണ്ടും എൻ ഡി എ സഖ്യം എത്തിയത്.

ബീഹാർ തിരഞ്ഞെടുപ്പ് ഫലം ബി ജെ പിക്ക് ആത്മവിശ്വാസവും ആഹ്ലാദവും പകരുന്നതാണ്. എന്നാൽ കോൺഗ്രസ്സിനാകട്ടെ ഒരിക്കൽ കൂടി ചുവടുകൾ പിഴച്ചു. ഓരോനിയമസഭാ തിരഞ്ഞെടുപ്പും രാജ്യത്തെ ബി ജെ പി തേരോട്ടത്തിന്റെ വേഗവും ആഴവും അളക്കുന്നതിനുള്ള മാപിനിയായിട്ടാണ് നിലവിൽ രാഷ്ട്രീയ നിരീക്ഷകർ കാണുന്നത്.

ഈ സാഹചര്യത്തിൽ ബി ജെ പിയുടെ കുതിപ്പും കോൺഗ്രസ്സിന്റെ കിതപ്പും വ്യക്തമായി രേഖപ്പെടുത്തുന്ന ചിത്രമാണ് ബീഹാർ സമ്മാനിച്ചിരിക്കുന്നത്.

എന്നാൽ മറ്റൊന്നു കൂടി ബീഹാർ ജനത കണ്ടു. ആർ ജെ ഡി സ്ഥാപകൻ ലാലു പ്രസാദ് യാദവ് പരിക്ഷീണിതനായി ജയിലിൽ കഴിയുമ്പോൾ അദ്ദേഹത്തിന്റെ പുത്രൻ മുപ്പത്തിയൊന്നുകാരനായ തേജസ്വി യാദവ് മതേതര ബീഹാറിന്റെ പ്രതീക്ഷയെ വാനോളം ഉയർത്തി സംസ്ഥാനത്ത് പുതിയ താരോദയമായി മാറുന്നത്. തിരഞ്ഞെടുപ്പ് ക്യാമ്പയിൻ ആകെ ഇളക്കിമറിച്ച ഈ യുവ നേതാവ് തന്റെ പാർട്ടിയെ ഏറ്റവും വലിയ കക്ഷിയായി സംസ്ഥാനത്ത് അടയാളപ്പെടുത്തുന്നതിൽ വിജയിച്ചിരിക്കുന്നു.

ബീഹാർ തിരഞ്ഞെടുപ്പ് ഫലം നൽകുന്ന ശ്രദ്ധേയമായ മറ്റൊരു പാഠം നിതീഷ്കുമാറിന്റെയും അദ്ദേഹത്തിന്റെ കക്ഷിയായ ജനതാദൾ യുവിന്റെയും പതനമാണ്. തങ്ങൾ നേതൃത്വം നൽകുന്ന സഖ്യം അധികാരത്തിൽ വന്നുവെങ്കിലും വീണ്ടും നിതീഷ് കുമാർ മുഖ്യമന്ത്രിയായാലും തിരഞ്ഞെടുപ്പ് ഫലങ്ങൾ ഒരിക്കലും അദ്ദേഹത്തിനും പാർട്ടിക്കും സംതൃപ്തി നൽകുന്നില്ല.

ഭരണ വിരുദ്ധ വികാരവോട്ടുകൾ വിഭജിപ്പിച്ച ബി ജെ പി തന്ത്രം വിജയം കണ്ടതോടെയാണ് എൻ ഡി എ ബീഹാറിൽ വീണ്ടും അധികാരത്തിൽ എത്തിയത്. ജാതി-മത സമവാക്യങ്ങളെയും ഫലപ്രദമായി പ്രയോജനപ്പെടുത്താനും ദേശീയ വികാരമുണർത്തി മറ്റു വോട്ടുകൾ സ്വന്തമാക്കാനും ബി ജെ പിക്ക് സാധിച്ചു. മുസ്ലീം ഭൂരിപക്ഷ മേഖലകളിൽ മത്സരിച്ച അസദുദ്ദീൻ ഉവൈസിയുടെ ഓൾ ഇന്ത്യാ മജ്ലിസേ ഇത്തിഹാദുൽ മുസ്ലിമിൻ സ്ഥാനാർത്ഥികൾ പിടിച്ച വോട്ട് മഹാസഖ്യത്തിന് ലഭിക്കേണ്ട ഭരണ വിരുദ്ധ വോട്ടുകൾകുറച്ചെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

> ബീഹാർ തിരഞ്ഞെടുപ്പ് ഫലം ബി ജെ പിക്ക് ആത്മവിശ്വാസവും ആഹ്ലാദവും പകരുന്നതാണ് എന്നാൽ കോൺഗ്രസ്സിനാകട്ടെ ഒരിക്കൽ കൂടി ചുവടുകൾ പിഴച്ചു. ഓരോനിയമസഭാ തിരഞ്ഞെടുപ്പും രാജ്യത്തെ ബി ജെ പി തേരോട്ടത്തിന്റെ വേഗവും ആഴവും അളക്കുന്നതിനുള്ള മാപിനിയായിട്ടാണ് നിലവിൽ രാഷ്ട്രീയ നിരീക്ഷകർ കാണുന്നത്.

ഒരു ദിവസം പത്തും പതിനഞ്ചും റാലികളിൽ പങ്കെടുത്ത് യുവത്വത്തിന്റെ ആവേശം പ്രകടമാക്കിയ തേജസ്വിക്കു പിന്നിൽ യുവാക്കൾ അണിനിരക്കുമെന്നായിരുന്നു കരുതിയിരുന്നതെങ്കിലും ബി ജെ പിയുടെ പഴുതടച്ച പ്രചരണവും ഏകോപനവും എൻ ഡിഎക്ക് ഗുണകരമായി.

തന്റെ ജനപ്രീതി നഷ്ടപ്പെട്ടെന്നും എൻ ഡി എക്ക് ഒരിക്കൽ കൂടി വിജയിക്കണമെങ്കിൽ മോഡിയുടെ പ്രഭാവവും അമിത്ഷായുടെ തന്ത്രവും കൂടിയേ തീരൂ എന്നുമുള്ള യാഥാർഥ്യം നിതീഷ് മനസാ അംഗീകരിച്ചിരുന്നു. ഇതു തന്നെയാണ് തിരഞ്ഞെടുപ്പ് ഫലത്തിലും പ്രതിഫലിച്ചു നിന്നത്. ശക്തി ചോർന്നെന്നു തോന്നിക്കുന്ന ഈ അവസരത്തിൽ മാന്യമായി കളമൊഴിയാനുള്ള അവസരമാകാം ബി ജെ പി നിതീഷിന് മുന്നിൽ വച്ചു നീട്ടുക. പക്ഷേ, വെറും ഇരുപത് ശതമാനം വോട്ടുകൊണ്ട് മൂന്നു വട്ടം ബീഹാറിന്റെ മുഖ്യമന്ത്രിക്കസേര പിടിച്ച നിതീഷ് എന്നേക്കുമായി കീഴടങ്ങുമോ എന്ന് കണ്ട് തന്നെ അറിയണം. ഇത് രാഷ്ട്രീയമാണ്.

അതേ സമയം ബീഹാറിന്റെ പുതുതലമുറയുടെ നേതാവാകാനാണ് തേജസ്വി പ്രസാദ് യാദവിന്റെ ലക്ഷ്യം. കടുത്ത പരീക്ഷണം നേരിടുന്ന കാലത്താണ് ഈ 31 വയസുകാരന്റെ തോളിലേറി മഹാസഖ്യം അങ്കംകുറിച്ചത്. തേജസ്വിയല്ലാതെ പ്രതിപക്ഷ നിരയിൽ പേരെടുത്ത് പറയാവുന്ന ജന സ്വാധീനമുള്ള ആരുമില്ല. കോൺഗ്രസ്സിന്റെയും ഇടതു പാർട്ടികളുടെയും പ്രതീക്ഷകളും ഭാരം മുഴുവൻ തേജസ്വിയുടെ ചുമലിലാണ്. എന്നാൽ ബി ജെ പിക്ക് കടിഞ്ഞാണിടാൻ 2015ൽ രൂപീകരിച്ച മഹാസഖ്യത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താവായിരുന്ന കോൺഗ്രസ്സിന് ഇത്തവണ കാലിടറിയതാണ് മഹാസഖ്യത്തിന്റെ അധികാരത്തിലേക്കുള്ള വഴി അടച്ചത്. ഭൂരിപക്ഷ മണ്ഡലങ്ങളിലും ബൂത്ത് കമ്മിറ്റികൾ പോലും ഇല്ലാതിരുന്ന കോൺഗ്രസ് അന്ന് ആർ ജെ ഡിയുടെ തണലിൽ 40 ഇടങ്ങളിൽ മത്സരിച്ച് 24 സീറ്റ് നേടിയിരുന്നു. എന്നാൽ ഇത്തവണ 70 സീറ്റിൽ മത്സരിച്ച കോൺഗ്രസ്സിന്റെ വിജയം 19 മണ്ഡലങ്ങളിൽ ഒരുങ്ങി. കോൺഗ്രസിന് ഇത്രയേറെ സീറ്റ് വിട്ടുകൊടുത്തത് ബുദ്ധിമോശമായിപോയെന്ന് അഭിപ്രായമാണ് ഇപ്പോൾ ഉയർന്നുവരുന്നത്. ഒരു പക്ഷേ ഇതിൽ ഏറെയും സീറ്റുകളിൽ ആർ ജെ ഡി തന്നെ മത്സരിച്ചിരുന്നുവെങ്കിൽ ചിത്രം മറ്റൊന്നായേനെ.

മറ്റെല്ലാ സംസ്ഥാനങ്ങളിലെന്ന പോലെ ബീഹാറിലും അടിത്തറപാടെതകർന്ന നിലയിലാണ് കോൺഗ്രസ്സ്. കോൺഗ്രസ്സിന് 70 സീറ്റ് വിട്ടുകൊടുക്കാനുള്ള തീരുമാനം ആർ ജെ ഡി അധ്യക്ഷൻ തേജസ്വിയാദവിന്റേത് മാത്രമായിരുന്നു. ഈ നീക്കം ദോഷം ചെയ്യുമെന്ന് പിതാവും മുൻ മുഖ്യമന്ത്രിയുമായ ലാലു പ്രസാദ് യാദവ് മുന്നറിയിപ്പ് നൽകിയെങ്കിലും തേജസ്വി കുലുങ്ങിയില്ല. നേരത്തെ മധ്യപ്രദേശിലും രാജസ്ഥാനിലും നേടിയ വിജയം കോൺഗ്രസ്സിന് വലിയ ആത്മവിശ്വാസം നൽകിയിരുന്നു. എന്നാൽ പാർട്ടിയിലെ പടല പിണക്കംമൂലം മധ്യപ്രദേശ് കൈയ്യിൽ നിന്നു പോയി. ചരിത്രത്തിലില്ലാത്ത വിധം ദുർബലമാണ് ഇന്ന് കോൺഗ്രസ്സിന്റെ ദേശീയ നേതൃത്വം. സംസ്ഥാനങ്ങളിലെ ഗ്രൂപ്പ് പോര് അവശേഷിക്കുന്ന സംഘടനാ സംവിധാനത്തെയും തരിപ്പണമാക്കിക്കൊണ്ടിരിക്കുന്നു. കേരളം, തമിഴ്നാട്, ബംഗാൾ, അസം എന്നീ സംസ്ഥാനങ്ങൾ അടുത്ത വർഷം പോളിംഗ് ബൂത്തിലേക്ക് നീങ്ങുമ്പോൾ കേരളം ഒഴികെ മറ്റെല്ലായിടത്തും കോൺഗ്രസ്സിന് കാഴ്ചക്കാരുടെ റോൾമാത്രമാണ്. ലോകസഭാ തിരഞ്ഞെടുപ്പിലെ റെക്കോർഡ് നേട്ടത്തിന് പിന്നാലെ മഹാരാഷ്ട്ര, ഹരിയാന, ജാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പുകളിലെ വീഴ്ച ബി ജെ പിയെ ആശങ്കയിലാഴ്ത്തിയിരുന്നു. ഏറ്റവും വലിയ ഒറ്റക്കക്ഷിയായിട്ടും മഹാരാഷ്ട്രയിൽ കപ്പിനും ചുണ്ടിനുമിടയിൽ അധികാരം നഷ്ടപ്പെട്ടതും ഹരിയാനയിൽ ഭരണത്തിലേറിയെങ്കിലും കേവല ഭൂരിപക്ഷം നേടാൻ കഴിയാത്തതും ജാർഖണ്ഡിൽ അധികാരത്തിൽ നിന്ന് പുറത്തായതുമെല്ലാം മറക്കാൻ ബീഹാറിലെ മുന്നേറ്റം ബി ജെ പിക്ക് തുണയാകും.

യു കെ ദിനേശൻ